# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3474 25.06.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**ജീവന് ഭീഷണിയുള്ള രാഷ്ട്രീയ പ്രവർത്തകർക്ക് പോലീസ് സംരക്ഷണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ രാഷ്ട്രീയ പ്രവർത്തകരിൽ ജീവന ഭീഷണി ഉണ്ടെന്നറിഞ്ഞ ആർക്കെങ്കിലും പോലീസ് സംരക്ഷണം നൽകാൻ തീരുമാനിച്ചിട്ടും ഭീഷണി നേരിടുന്നയാളുടെ വിസമ്മതം മൂലം അത് നൽകാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതാർക്കാണെന്ന് വെളിപ്പെടുത്തുമോ ;

(എ) ഈ സർക്കാരിന്റെ കാലത്ത് ജീവന് ഭീഷണി ഉണ്ടെന്ന് അറിഞ്ഞ രാഷ്ട്രീയ പ്രവർത്തകരിൽ മുൻ മന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രനും ഒഞ്ചിയത്തെ റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി നേതാവ് ടി. പി. ചന്ദ്രശേഖരനും പോലീസ് സംരക്ഷണം നൽകുവാൻ തീരുമാനിച്ചുവെങ്കിലും അവരുടെ വിസമ്മതം മൂലം അത് നൽകുവാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) ജീവന് ഭീഷണി ഉള്ളതായി പോലീസ് മനസ്സിലാക്കിയതെപ്പോഴായിരുന്നു; ആരെയാണ് അത് അറിയിച്ചതെന്ന് വ്യക്തമാക്കാമോ ; അത് സംബന്ധിച്ച് ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പരാതി ലഭിക്കുകയുണ്ടായോ ; മുഖ്യമന്ത്രിയോടോ മറ്റേതെങ്കിലും മന്ത്രിമാരോടോ നേരിൽ പറയുകയുണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്ന് അറിയിക്കുമോ?

(ബി) മുൻ മന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ ജീവൻ ഭീഷണിപ്പെടുത്തികൊണ്ടുള്ള തമിഴ് മക്കൾ എന്ന പേരിലുള്ള ഒരു ഭീഷണിക്കത്ത് സംസ്ഥാന പോലീസ് മേധാവിക്ക് 11.07.2011 തീയതി ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ ശ്രീ. എൻ. കെ. പ്രേമചന്ദ്രന് സുരക്ഷാ ഭീഷണിയുണ്ടെന്ന് വെളിവായിട്ടുള്ളതാണ്. ഇതേ തുടർന്ന് അദ്ദേഹത്തിന് പോലീസ് സംരക്ഷണം നൽകുവാനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും 22.07.2011 - തീയതി കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിക്ക് നൽകുകയുണ്ടായി. എന്നാൽ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ തനിക്ക് പോലീസ് സംരക്ഷണം ആവശ്യമില്ല എന്നറിയിച്ചതിനെ തുടർന്ന് അദ്ദേഹത്തിന് പോലീസ് സംരക്ഷണം നൽകുവാൻ സാധിച്ചിട്ടില്ല. കൂടാതെ പ്രസ്തുത ഭീഷണി കത്ത് തപാൽ മാർഗ്ഗം അയച്ച് കിട്ടിയത് അനുസരിച്ച് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം

833/2011 u/s 506(1) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷണം നടത്തി വരുന്നു.

റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടിയുടെ രൂപീകരണം മുതൽക്ക തന്നെ ടി. പി. ചന്ദ്രശേഖരനും മറ്റ് ആർ.എം.പി പ്രവർത്തകർക്കും ഭീഷണിയുള്ളതായി പോലീസ് മനസ്സിലാക്കിയിരുന്നു. ഇത് സംബന്ധിച്ച് 19.11.2010 ന് പോലീസ് ഇന്റലിജൻസ് വിഭാഗം അറിയിപ്പ് നൽകിയിരുന്നു. സി.പി. എം. പ്രവർത്തകരും ആർ.എം.പി പ്രവർത്തകരും തമ്മിലുള്ള അനിഷ്ട സംഭവങ്ങളുടെയും അതോടനുബന്ധിച്ചുണ്ടായ പോലീസ് കേസുകളുടെയും പശ്ചാത്തലത്തിൽ 22.02.2012 ന് ടി. പി. ചന്ദ്രശേഖരന്റെ ജീവന് ഭീഷണിയുള്ളതായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ജില്ലാ പോലീസ് മേധാവിയെ അറിയിച്ചിരുന്നു. ചന്ദ്രശേഖരന്റെ ജീവന് ഭീഷണിയുണ്ടെന്നും പേഴ്സണൽ സെക്യൂരിറ്റി ഓഫീസറെ നിയമിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്നും ജില്ലാ പോലീസ് മേധാവി ചന്ദ്രശേഖരനെ നേരിട്ട് ബോദ്ധ്യപ്പെടുത്തിയിരുന്നെങ്കിലും പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്നതിൽ ചന്ദ്രശേഖരൻ വിസമ്മതം പ്രകടിപ്പിക്കുകയാണുണ്ടായത്.

(signature)

സെക്ഷൻ ഓഫീസർ